15974/2018/HEALTH(OS)

**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണ വകുപ്പ്- ആരോഗ്യ വകുപ്പിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം 01.01.2012 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം -'പ്രത്യേക നിയമനത്തിന് അനുവാദം നൽകി' ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പ്**

സ.ഉ.(കൈ.)157/2018/പൊഭവ. തീയതി, തിരുവനന്തപുരം 20/07/2018

---

പരാമർശം:-1. 27.03.2015-ലെ സ.ഉ(കൈ)നം.101/2015/പൊ.ഭ.വ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.01.2017, 15.05.2018 എന്നീ തീയതികളിലെ എച്ച്2/24400/2015/ആ.വ.ഡ നമ്പർ കത്തുകൾ.

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം 2-ലെ റിപ്പോർട്ട് പ്രകാരം ആരോഗ്യ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച് 01.01.2012 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം നടത്തിയതിൽ ഗസറ്റഡ് തസ്തികയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായും, നോൺ-ഗസറ്റഡ് തസ്തികയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായും മതിയായ പ്രാതിനിധ്യം ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 01.01.2012 അടിസ്ഥാനമാക്കിയുള്ള വർഷം ആരോഗ്യ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായും, നോൺ-ഗസറ്റഡ് തസ്തികയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായും മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിന് താഴെപ്പറയും പ്രകാരം തസ്തികകൾ റിസർവ്വ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഗസറ്റഡ് വിഭാഗം

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പളസ്കെയിൽ | റിസർവ്വ് ചെയ്യുന്ന തസ്തികകളുടെ എണ്ണം (പട്ടികവർഗ്ഗം മാത്രം) |
|---|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 45,800-89,000 | 22 |
| 2 | ദന്തൽ സർജൻ | 39,500-83,000 | 5 |
| | | ആകെ | 27 |

2. നോൺ-ഗസറ്റഡ് വിഭാഗം

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പളസ്കെയിൽ | റിസർവ്വ് ചെയ്യുന്ന തസ്തികകളുടെ എണ്ണം | |
|---|---|---|---|---|
| | | | പട്ടികജാതി/ പട്ടികവർഗ്ഗം | പട്ടികവർഗ്ഗം |
| 1 | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 27,800-59,400 | 28 | 56 |

| | | | | |
|---|---|---|---|---|
| 2 | ക്ലാർക്ക് | 19,000-43,600 | 15 | 30 |
| 3 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 19,000-43,600 | 7 | 14 |
| 4 | JPHN ഗ്രേഡ് II | 22,200-48,000 | 28 | 42 |
| 5 | JHI ഗ്രേഡ് II | 22,200-48,000 | 20 | 42 |
| 6 | ഫാർമസിസ്റ്റ് ഗ്രേഡ് II | 22,200-48,000 | 14 | 28 |
| 7 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 22,200-48,000 | 14 | 14 |
| 8 | ഡ്രൈവർ ഗ്രേഡ് II (HDV) | 18,000-41,500 | 8 | 21 |
| 9 | ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II | 22,200-48,000 | 5 | 5 |
| | ആകെ | | 139 | 252 |

മുൻ വർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും എന്നാൽ നാളിതുവരെ നികത്താത്തതുമായ തസ്തികകൾ നിലവിലുണ്ടെങ്കിൽ അവയുൾപ്പെടെ മുകളിൽ പരാമർശിച്ച തസ്തികകളിലേക്കും അടിയന്തിരമായി നിയമനം നടത്തുവാൻവേണ്ട നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഒ.സെറീന**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
✓ആരോഗ്യ വകുപ്പ്
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ) (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുഭരണ (എംപ്ലോയ്മെന്റ്സെൽ - ബി/എ 2 സീറ്റ്) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Saseendra
സെക്ഷൻ ഓഫീസർ